**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 456** **17-09-2025 - ൽ മറുപടിയ്ക്ക്**

**മെഡിസെപ്പ്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ആർ. സുനിൽകുമാർ | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും ഏർപ്പെടുത്തിയ മെഡിസെപ്പ് ആരോഗ്യ ഇൻഷുറൻസ് പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ; പുതിയ കരാർ പ്രാബല്യത്തിൽ വന്നിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ ആശുപത്രിയിൽ ഏതൊക്കെ ചികിത്സയാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | നിലവിലെ പാക്കേജുകൾ കാലാനുസൃതമായി പരിഷ്കരിക്കുന്നതിനും, പുതിയ നൂതനമായ പാക്കേജുകൾ ഉൾപ്പെടുത്തുന്നതിനുമായി ഡോ. ശ്രീറാം. വി. ഐ.എ.എസ് ചെയർമാനായി രൂപീകരിച്ച മെഡിക്കൽ എക്സ്പെർട്ട് കമ്മിറ്റി **സമർപ്പിച്ച** അന്തിമ റിപ്പോർട്ട് അംഗീകരിച്ചു കൊണ്ട് ഗുണഭോക്താക്കൾക്ക് കൂടുതൽ ഉപയോഗപ്രദമാകുന്ന രീതിയിൽ പദ്ധതിയെ പരിഷ്കരിച്ച് രണ്ടാംഘട്ടം ആരംഭിക്കുന്നതിന് 14.08.2025 തീയതിയിലെ സ.ഉ.(പി)നം.102/2025/ധന പ്രകാരം ഉത്തരവാകുകയും തുടർനടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. മെഡിസെപ് രണ്ടാം ഘട്ടത്തിൽ HBP (ഹെൽത്ത് ബെനെഫിറ്റ് പാക്കേജ്) 2022 revised അടിസ്ഥാനമാക്കിയുള്ള ചികിത്സാ പാക്കേജുകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. 41 സ്പെഷ്യാലിറ്റി ചികിത്സകൾക്കായി 2100 -ലധികം ചികിത്സാ പ്രക്രിയകൾ അടിസ്ഥാനചികിത്സ പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആശുപത്രികളെ പദ്ധതിയിൽ എംപാനൽ ചെയ്യുന്നതിനുള്ള മാനദണ്ഡങ്ങൾ പുതുക്കിയിട്ടുണ്ട്. എമ്പാനൽ ചെയ്യുന്ന ആശുപത്രിയിലെ എല്ലാ വിഭാഗങ്ങളെയും എമ്പാനൽ ചെയ്യണമെന്ന വ്യവസ്ഥ കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. പുതിയ കരാർ പ്രാബല്യത്തിൽ വന്നിട്ടില്ല. നടപടികൾ പൂർത്തീകരിച്ച് ഇൻഷുറൻസ് കമ്പനിയെ തെരെഞ്ഞെടുത്ത ശേഷമാണ് കരാർ പ്രാബല്യത്തിൽ വരുന്നത്. |
| (ബി) | മുഴുവൻ ആശുപത്രികളിലെയും ഒ. പി. ഉൾപ്പെടെയുള്ള എല്ലാ ചികിത്സയും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (ബി) | മെഡിസെപ്പിന്റെ രണ്ടാം ഘട്ടത്തിൽ എമ്പാനൽ ചെയ്യുന്ന ആശുപത്രിയിലെ എല്ലാ വിഭാഗങ്ങളെയും എമ്പാനൽ ചെയ്യണമെന്ന വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. മെഡിസെപ് പരിരക്ഷ ലഭ്യമാകുന്നത് കിടത്തി ചികിത്സക്കും തിമിരം, ഡയാലിസിസ്, കീമോതെറാപ്പി തുടങ്ങിയ ഡേ-കെയർ പ്രോസീജറുകൾക്കുമാണ്. |
| (സി) | പ്രസ്തുത കരാറിലേർപ്പെട്ട കമ്പനി ഏതാണെന്നും പ്രതിമാസ വിഹിതം എത്രയാണെന്നും അറിയിക്കാമോ; കുറഞ്ഞ വേതനം വാങ്ങുന്ന ജീവനക്കാരെയും പെൻഷൻകാരേയും തുക | (സി) | പ്രതിമാസ പ്രീമിയം, നികുതികൾ ഉൾപ്പെടെ, ടെണ്ടർ അന്തിമീകരണത്തിന് വിധേയമായി, 750/- രൂപ ആയി വർദ്ധിപ്പിക്കുന്നതാണ് എന്ന് 14.08.2025 തീയതിയിലെ സ.ഉ.(പി)നം.102/2025/ധന ഉത്തരവിൽ |

| | | | |
|---|---|---|---|
| | ഈടാക്കുന്നതിൽ നിന്ന് ഒഴിവാക്കുന്ന കാര്യം പരിഗണിക്കുമോ? | | വ്യക്തമാക്കിയിട്ടുണ്ട്. ടെണ്ടർ അന്തിമീകരണത്തിന് ശേഷം മാത്രമേ പ്രതിമാസ പ്രീമിയം വിഹിതം നിശ്ചയിച്ച അന്തിമ തീരുമാനം കൈക്കൊള്ളുവാൻ കഴിയുകയുള്ളൂ. ഇതിനുള്ള നടപടികൾ ത്വരിത ഗതിയിൽ പുരോഗമിച്ചു വരുന്നു. കുറഞ്ഞ വേതനം വാങ്ങുന്ന ജീവനക്കാരെയും പെൻഷൻകാരേയും തുക ഈടാക്കുന്നതിൽ നിന്ന് ഒഴിവാക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ